**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.333.** **08.06.2015 ൽ മറുപടിയ്ക്ക്.**

**<u>സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്</u>**

| | ചോദ്യം<br>ശ്രീ.ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മോട്ടോർ വാഹനവകുപ്പ് സംസ്ഥാനത്ത് നടത്തിയ സ്കൂൾ ബസ്സുകളുടെ വാഹന പരിശോധനയിൽ എത്ര സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (എ) | 2014-2015 വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് നടത്തിയ പരിശോധനയിൽ 38 സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് ഇല്ല എന്ന് കണ്ടെത്തിയിരുന്നു. |
| (ബി) | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂൾ ബസ്സുകളിൽ കുട്ടികളെ കയറ്റി യാത്ര ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്താൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ? | (ബി) | എല്ലാ അദ്ധ്യയന വർഷവും തുടങ്ങുന്നതിനു മുൻപ് ജില്ലാതലത്തിലും താലൂക്ക് തലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പ് പരിശോധിക്കാറുണ്ട്. പരിശോധനയിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് തീർന്നതായി കാണപ്പെടുന്ന സ്കൂൾ വാഹനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഇവ ഫിറ്റ്നസ്സ് ഇല്ലാതെ ഓടുന്നില്ലായെന്ന് ഉറപ്പു വരുത്താറുണ്ട്.<br><br>സ്കൂൾ വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തണമെന്ന നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സ്കൂൾ അധികാരികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ ബസ്സുകളുടെ |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സും, സെമിനാറുകളും മോട്ടോർ വാഹന വകുപ്പ് സംഘടിപ്പിക്കാറുണ്ട്. പാലിക്കേണ്ട നടപടികൾ വിശദീകരിച്ചു കൊണ്ട് പത്രമാധ്യമങ്ങളിലൂടെ പത്രക്കുറിപ്പുകൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ.